# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 4119 – 13/12/2018 -ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ ധനസ്ഥിതി

ഉത്തരം

ചോദ്യം

ശ്രീ. വി.ടി.ബൽറാം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | 1.12.2018 വരെ ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആളോഹരി കടം എത്ര രൂപയാണ്; | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 2018 സെപ്റ്റംബർ വരെയുള്ള സംസ്ഥാനത്തിന്റെ ആളോഹരി കടം 44686.48 രൂപയാണ്. |
| ബി | ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി, ധനകമ്മി, റവന്യൂ വരുമാനം എന്നിവയുടെ കണക്ക് ലഭ്യമാക്കാമോ; | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ 30.09.2018 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരമുള്ള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം, റവന്യൂ കമ്മി, ധനകമ്മി എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ) |
| സി | പ്രസ്തുത സൂചികകൾ സംസ്ഥാന വരുമാനത്തിന്റ എത്ര ശതമാനമാണ് എന്ന കണക്കും പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ; | (see table below) |
| ഡി | സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനായി ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാതുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്. നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ജി.എസ്.റ്റി. അനവധാനതയോടെ നടപ്പിലാക്കിയതും ആലോചനയില്ലാതെ ആഡംബര വസ്തുക്കളുടെ |

| ഇനം | |
|---|---|
| റവന്യൂ വരുമാനം | 40009.48 |
| റവന്യൂ കമ്മി | 14316.47 |
| ധന കമ്മി | 18121.52 |
| റവന്യൂ കമ്മി /റവന്യൂ വരുമാനം | 35.78% |
| ധന കമ്മി/ റവന്യൂ വരുമാനം | 45.29% |

| | | | |
|---|---|---|---|
| | | | ജി.എസ്.റ്റി. ഗണ്യമായി കുറച്ചതും നമ്മുടെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ജി.എസ്.റ്റി.എൻ -ൽ ഉണ്ടായ തകരാറുകളും ആയത് സമ്പൂർണ്ണ സജ്ജമാകാത്തതും നികുതി വരുമാനത്തെ ബാധിച്ചു.<br><br>നികുതി ചെക്ക് പോസ്റ്റുകൾ നിയമപരമായി ഇല്ലാതായ സാഹചര്യം മുതലെടുത്ത് നികുതി വെട്ടിക്കുന്ന സാഹചര്യവും സംജാതമായി. ഇത് ഒരു പരിധിവരെ തടയാൻ ഇപ്പോൾ കഴിയുന്നുണ്ട്. ഇന്റലിജൻസ് സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തി ഇത് കുറയ്ക്കാൻ നടത്തുന്ന ശ്രമം ഫലം കണ്ട് തുടങ്ങിയിട്ടുണ്ട്.<br><br>ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>സാമൂഹ്യ ക്ഷേമ ചെലവുകളും, വികസന ചെലവുകളും വെട്ടിക്കുറയ്ക്കുക എന്ന സമീപനം സർക്കാരിനില്ല. നിയമന നിരോധനമോ അനിവാര്യ തസ്തിക സൃഷ്ടിക്കൽ നിരോധനമോ ഏർപ്പെടുത്തില്ല. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ അടക്കം ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പോസ്റ്റുകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനു ശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കൂ. മറ്റ് ചെലവു ചെയ്യലുകൾക്ക് ധൂർത്ത് ഒഴിവാക്കണമെന്ന ഉദ്ദേശത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>റവന്യൂ കമ്മി ഒഴിവാക്കി മൂലധന ചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ